

കാരൂർ സോമൻ

യാത്ര

# സ്വർഗത്തിലേക്കുള്ള വഴി

## ഒന്ന്

...ൾ രണ്ടാം ജന്മമാണ്. അറിയാത്ത ദേശങ്ങളിലൂടെ,
...ത്ത ഭാഷകളിലൂടെ ഒഴുകിയിറങ്ങുമ്പോൾ പുതി
...ലോക്കത്തെത്തിയ അനുഭൂതി. കടലിലൂടെയും കരയി
... എല്ലാ ബന്ധങ്ങളും ഇട്ടെറിഞ്ഞു നടത്തുന്ന യാത്ര
...വിതം പുതിയ ഉടുപ്പണിയുന്നതു പോലെ, രാത്രി
... പുതിയ പ്രഭാതം ഉണർന്നെണീക്കുന്നതു പോലെ,
...ത്രകളിലേക്കു ഒരു പുതിയ ശ്വാസം വീഴുകയായി

...കളിലെ സ്വാഭാവികതയാണ് എനിക്കിഷ്ടം. നടന്നു
...യും സ്വയം അറിയുകയും ചെയ്യുന്ന നിമിഷങ്ങ
...റ്റസൗഹൃദം പോലെ വീണു കിട്ടുന്ന പരിചയ
...റോപ്പിലൂടെയുള്ള യാത്രകളിൽ ഇതു പ്രതീക്ഷി
... നാടുകൾ ആധുനികമാകും തോറും യാന്ത്രിക
...ച്ചിട്ടയിൽ ഏതു സഞ്ചാരിയും വീണു പോകും.
...ൾ, വലിയകാറുകൾ, വിമാനങ്ങൾ, ഇംഗ്ലീഷ് ഭാഷ
...ൽക്കോയ്മ തുടങ്ങി എന്നെ അലോരസപ്പെടുത്തു
...ണ്ടായിട്ടും അവിടേക്കു പോകാതിരിക്കാനാവുന്നി
...തിരിക്കാനാവുന്നില്ല. ആ സ്വർഗത്തിലേക്കു ഞാൻ
...നായിട്ട് എത്രയോ വർഷങ്ങളായിരിക്കുന്നു. പൂർവ്വ
... കാണാൻ കൊതിച്ചിരുന്നതു പോലെ. എനിക്കായി
...രു പൂവ് വിരിഞ്ഞിട്ടുണ്ടാവും. ഞാൻ ആ പൂവ്
... പോവുകയാണ്. അതിന്റെ ഗന്ധമറിയാൻ പോവു
...സൗന്ദര്യമറിയാൻ പോവുകയാണ്.
...ന്റെ സഞ്ചാരപഥങ്ങളിൽ വിയന്ന ഒരു മോഹമായി
... എന്നാണെന്നോർമയില്ല. പുസ്തകങ്ങളിലൂടെയും
...ലൂടെയും ടെലിവിഷനിലൂടെയുമൊക്കെ അറിഞ്ഞ
...ന്ന സ്വപ്നം. ആ സ്വപ്നം യഥാർഥ്യത്തിനു വഴി
...ൽ 2005-ലെ വസന്തകാലത്ത് വിയന്ന അന്താരാഷ്ട്ര
...വളത്തിൽ വിമാനമിറങ്ങി.
...യി ബുക്കു ചെയ്തിരുന്ന മോട്ടൽ തപ്പിയെടുക്കു
...ൽ നഗരത്തിലെ പല പ്രദേശങ്ങളും കാണാനാ
... തലയുയർത്തിപ്പിടിച്ചു നിൽക്കുന്ന ആൽപ്സ്

പർവതനിരകളുടെ ഗാംഭീര്യം. തെക്ക് പരന്നൊഴുകുന്ന ഡാന്യൂബ് നദിയുടെ സൗന്ദര്യപ്രവാഹം. ഇവയ്ക്കു നടുവിൽ എല്ലാം ഊർജസ്വലതയോടെയും മഹനീയ സംസ്കാരത്തോടെയും യൂറോപ്പിന്റെ ചരിത്രത്തിലേക്കു കാലുറപ്പിച്ചു നിൽക്കുന്ന വിയന്ന, ഓസ്ട്രിയയുടെ ഫെഡറൽ തലസ്ഥാനം. ഓസ്ട്രിയയിലെ ഒമ്പതു സംസ്ഥാനങ്ങളിലൊന്ന്. രാജ്യത്തിന്റെ മറ്റുഭാഗങ്ങൾ തമ്മിലും ആൽപ്സ് പർവത പ്രദേശങ്ങളും ഡാന്യൂബ് നദീതടത്തിന്റെ മധ്യഭാഗങ്ങൾ തമ്മിലും ബന്ധപ്പെടുത്തുന്ന ഒരു ലിങ്ക് കൂടിയാണ് വിയന്ന പ്രദേശം.

ചരിത്രാതീത കാലങ്ങളിലെന്നോ ഡാന്യൂബ് നദീതീരത്തു വേരാഴ്ത്തിയതാണ് വിയന്ന നഗരത്തിന്റെ അടിത്തറ. ഓസ്ട്രിയൻ സാമ്രാജ്യം മധ്യ-പൂർവ യൂറോപ്യൻ രാജ്യങ്ങളിൽ മേൽക്കോയ്മ സ്ഥാപിച്ച നാളുകളായിരുന്നു വിയന്നയുടെ സുവർണ കാലഘട്ടമെന്നു കേട്ടിട്ടുണ്ട്.

ആ പഴയ സ്വപ്നനഗരി മനസിൽ പുനഃസൃഷ്ടിച്ചു യാത്ര ചെയ്ത എനിക്ക് അല്പം നിരാശപ്പെടേണ്ടി വന്നു. സാമ്രാജ്യത്വകാലഘട്ടങ്ങളിലെ പ്രതാപമൊന്നും വിയന്നയ്ക്ക് ഇപ്പോഴില്ല. എങ്കിലും പഴയ മനോഹാരിതയുടെ മോഹിപ്പിക്കുന്ന അവശിഷ്ടങ്ങളിലൂടെയുള്ള സഞ്ചാരം എന്നെ പലപ്പോഴും കേട്ടുകേഴ്‌വി മാത്രമായ ആ സുവർണ കാലത്തേക്കു കൂട്ടിക്കൊണ്ടുപോയി. മൊസാർട്ടിന്റെയും ബീഥോവന്റെയും ഹൃദയസംഗീതം മനസിൽ നിറഞ്ഞു. പഴയ കാലത്തിന്റെ തിരുശേഷിപ്പുകളായ മ്യൂസിയങ്ങളിലും കൊട്ടാരങ്ങളിലും ഇന്നു മായിക സംഗീതവും സൗന്ദര്യവും അലടയിക്കുന്നുണ്ടെന്നു തോന്നി.

പ്രകൃതിയുടെ കരവിരുത് തേച്ചുമിനുക്കിയെടുത്ത മനുഷ്യന്റെ കലാസങ്കൽപ്പത്തെക്കുറിച്ചു ഒരു നിമിഷം ഓർത്തു പോയി. വായിച്ചറിഞ്ഞതിനേക്കാൾ, കേട്ടറിഞ്ഞതിനേക്കാൾ എത്രയോ ഉയരത്തിലാണ് വിയന്ന. വാക്കുകൾക്കു പരിമിതിയുണ്ട്. നേരിട്ടുള്ള കാഴ്ചയിൽ എന്റെ കണ്ണുകൾ കുമ്പുന്നു. ഇനിയും കാഴ്ചകൾ നീണ്ടുനിവർന്നു കിടക്കുകയാണ്. യാത്രാക്ഷീണം കാരണം നേരെ മോട്ടലിലേക്കു തന്നെ പോന്നു.